**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3845** | **26-06-2012 - ൽ മറുപടിക്ക്**

**ഐ.ടി വികസന രംഗത്ത് നേടിയെടുക്കാനായ വളർച്ച**

**ചോദ്യം**

**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ :**
**ശ്രീ. കെ.എം. ഷാജി :**
**ശ്രീ. സി. മമ്മൂട്ടി :**
**ശ്രീ. റ്റി.എ. അഹമ്മദ് കബീർ:**

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി വികസന രംഗത്ത് നേടിയെടുക്കാനായ വളർച്ച സംബന്ധിച്ച വിശദ വിവരം നല്കാമോ;

(എ) ടെക്നോപാർക്കിന്റെ വികസന പദ്ധതികളായ ടെക്നോപാർക്ക് മൂന്നാംഘട്ടം, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നിവയുടെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി വരുന്നു. ടെക്നോപാർക്കിന്റെ പദ്ധതിയായി ടെക്നോസിറ്റിക്കായി അക്വയർ ചെയ്ത 451 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഇതിൽ ഏകദേശം 57.09 ഹെക്ടർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള (SEZ) Formal approval ലഭിച്ചിട്ടുണ്ട്. ടെക്നോസിറ്റിയിൽ Infosys Ltd. ന് കാമ്പസ് സ്ഥാപിക്കുന്നതിനായി 50 ഏക്കർ ഭൂമി 90 വർഷത്തെ പാട്ടക്കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. സൺടെക്കിന് 10 ഏക്കറും ടി.സി.എസ്സിന് കൂടുതലായി 15 ഏക്കറും നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം ടെക്നോപാർക്കിൽ 47 കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിക്കുകയും 24 കമ്പനികൾ അവരുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഏകദേശം 2550 പേർക്ക് പുതിയതായി തൊഴിൽ ലഭിച്ചിട്ടുണ്ട്.

2. <u>ഇൻഫോ പാർക്ക്</u>

ഇൻഫോപാർക്ക് കൊച്ചി രണ്ടാം ഘട്ടത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇവിടെ 97 ഏക്കർ സ്ഥലം IT Sector Specific SEZ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടത്തിൽ 15 ഏക്കർ സ്ഥലത്ത് TCS നിർമ്മിച്ചുകൊണ്ടിരിക്കുന്ന 10 ലക്ഷം ചതുരശ്ര അടി ഐ.ടി. കാമ്പസിന്റെ ആദ്യഘട്ടം 2012 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവിടെ 8000-ത്തിൽപരം ഐ.ടി.

ജീവനക്കാർക്ക് ജോലി ലഭിക്കുന്നതാണ്. ഇൻഫോ പാർക്ക് ചേർത്തലയുടെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ ശേഷിച്ച 1.4 ലക്ഷം ചതുരശ്ര അടി നിർമ്മാണം പൂർത്തീകരിച്ചു. ഇപ്പോൾ ആകെ 2.40 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിൽ 5 കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻഫോ പാർക്ക് തൃശ്ശൂരിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു പുതിയ ഐ.ടി. കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇവിടെ 3000 ൽ പരം ജീവനക്കാർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. <u>സൈബർപാർക്ക്</u>

കോഴിക്കോട്, കണ്ണൂർ, കാസർകോഡ് സൈബർപാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

4. <u>Emerging Kerala 2012</u>

ആഗോള നിക്ഷേപ സംഗമമായ Emerging Kerala 2012 ൽ ഐ.ടി. മേഖലകളിലെ നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് IT/ITeS ഒരു Core Sector ആയി പരിഗണിച്ച് അതുവഴി ഈ മേഖലകളിൽ കൂടുതൽ IT അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

5. <u>ഐ.ടി മേഖലയ്ക്ക് സർക്കാർ ചെലവാക്കിയ തുക</u>

ഐ.ടിമേഖലയുടെ വികസനത്തിന്റെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, KSITIL എന്നീ സ്ഥാപനങ്ങൾക്കായി 121.50 കോടിരൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് സംസ്ഥാനത്തിന്റെ രണ്ടാമത്തെ ഡേറ്റാ സെന്റർ പ്രവർത്തനം ആരംഭിച്ചു. 425 ഗവൺമെന്റ് ഓഫീസുകളിൽ കെസ്വാന്റെ സേവനം ലഭ്യമാക്കി. ഇഡിസ്ട്രിക് പദ്ധതി കണ്ണൂർ, പാലക്കാട് ജില്ലകളിൽ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചു. ഇഡിസ്ട്രിക് പദ്ധതി എല്ലാ ജില്ലകളിലും പൂർണ്ണമായി 2013 – ഓട്ടുകൂടി നടപ്പിലാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. പൊതുഭരണ രംഗത്തു സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-പ്രൊക്യൂർമെന്റ് നടപ്പിലാക്കുന്നതാണ്. ആധാർ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികൾ വഴി 1000 ത്തോളം യൂണിറ്റുകൾ എൻറോൾമെന്റിനായി സജ്ജമാക്കി. ഇതുവഴി 6000 ത്തോളം അഭ്യസ്തവിദ്യർക്ക് തൊഴിൽ സാഹചര്യം ഉണ്ടാക്കി. 85 ലക്ഷം പേരുടെ ആധാർ എൻറോൾമെന്റ് നടന്നു കഴിഞ്ഞു. അതിൽ 64 ലക്ഷത്തോളം പേർക്ക് ആധാർ നമ്പർ ലഭിച്ചു.

| | |
|---|---|
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ രംഗത്ത് ഉണ്ടാക്കിയ പ്രധാന നേട്ടങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ; | (ബി) മുൻ സർക്കാരിന്റെ കാലത്താണ് ടെക്നോപാർക്ക് മൂന്നാംഘട്ടം, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നിവയ്ക്ക് തുടക്കം കുറിച്ചത്. ഇൻഫോപാർക്ക് ഒന്നാംഘട്ടത്തിൽ 5.5 ലക്ഷം ചതുരശ്ര അടിയിൽ അതുല്യ കോംപ്ലക്സ് നിർമ്മിച്ചു. ഇൻഫോപാർക്ക് രണ്ടാംഘട്ടത്തിന് 125 ഏക്കർ സ്ഥലം അക്വയർ ചെയ്തു. ഇൻഫോപാർക്ക് ചേർത്തല, തൃശ്ശൂർ എന്നിവയുടെ നിർമ്മാണം ആരംഭിച്ചു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് സൈബർ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ഗ്രാമപ്രദേശങ്ങൾ ഐ.ടി വൽക്കരിക്കുന്നതിന്റെ ഭാഗമായി ''ടെക്നോലോഡ്ജ്'' എന്ന സംരംഭത്തിന് തുടക്കം കുറിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി കണ്ണൂർ ജില്ലയിൽ 2010 ഡിസംബർ 17 നും പാലക്കാട് ജില്ലയിൽ 2011 ഫെബ്രുവരി 8 നും ആരംഭിക്കുകയുണ്ടായി. നാഷണൽ ഇ-ഗവേണൻസ് പ്ലാനിന്റെ ഭാഗമായി ആരംഭിച്ച രണ്ടാമത്തെ സംസ്ഥാന ഡേറ്റ സെന്റർ ആരംഭിക്കുവാനുള്ള ഔദ്യോഗിക അനുമതി നൽകുകയും പണികൾ തുടങ്ങി വയ്ക്കുകയും ചെയ്തു. ഐ.സി.റ്റി യുടെ ഉപയോഗം മുഖേന ഇ ഗവേണൻസ് പരിപാടികൾക്ക് ഊന്നൽ നൽകുവാൻ കെസ്വാൻ പദ്ധതി ആരംഭിച്ചു.<br><br>സ്വതന്ത്രസോഫ്റ്റ് വെയർ രംഗം ശക്തിപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര സ്വതന്ത്രസോഫ്റ്റ് വെയർ കേന്ദ്രം നിലവിൽ വന്നു. |
| (സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ (2007-08 മുതൽ 2011-12 വരെ) ഐ.ടി മേഖലയിൽ നിന്നുള്ള പ്രതിവർഷ എക്സ്പോർട്ട് എത്രയായിരുന്നു എന്നു വ്യക്തമാക്കുമോ? | (സി) തിരുവനന്തപുരത്തെ STPI (സ്വതന്ത്രസോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ) യിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ ഐ.ടി. മേഖലയിൽ നിന്നുള്ള പ്രതിവർഷ കയറ്റുമതിയെ സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു. |

| വർഷം | കയറ്റുമതി (കോടി രൂപയിൽ) |
|---|---|
| 2007-08 | 1201.00 |
| 2008-09 | 1803.00 |
| 2009-10 | 1956.45 |
| 2010-11 | 2071.00 |
| 2011-12 | 1573.72 ( പൂർണ്ണമല്ല) |

സെക്ഷൻ ഓഫീസർ